# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6044** **19-11-2019-ൽ മറുപടിക്ക്**

## തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.കെ. ശശീന്ദ്രൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥയെന്ത്; വിശദമാക്കുമോ? | തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിലെ പഴശ്ശി സർക്യൂട്ടിൽ ഉൾപ്പെടുത്തി തിരുനെല്ലി ക്ഷേത്രം, തൃശ്ശലേരി ക്ഷേത്രം, വള്ളിയൂർക്കാവ് ക്ഷേത്രം, മാവിലാംതോട് പഴശ്ശി സ്മാരകം, പനമരം തലയ്ക്കൽ ചന്തു സ്മാരകം എന്നിവിടങ്ങളിൽ ടൂറിസം വികസന പ്രവർത്തനങ്ങൾ കിഫ്ബി ധനസഹായ-ത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>ഇതിനുപുറമേ തലശ്ശേരി പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിയൂർക്കാവ് പ്രദേശത്തെ ഗോത്രവർഗ്ഗക്കാരുടെ ഉൽപ്പന്ന-ങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്ന തിനുമുള്ള സഹായങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള വള്ളിയൂർക്കാവ് -"ഡവലപ്മെന്റ് ഓഫ് മാർക്കറ്റ് ആന്റ് എക്സിബിഷൻ സ്പേസ്" എന്ന പദ്ധതിയ്ക്ക് 4.87 കോടി രൂപയുടെ ഭരണാനുമതി നൽകി-യിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | നിലവിൽ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിലെ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**